# തൂലിക



Little KITEs
LK/2018/45018

## റവ. ഫാ. ജി.എം.വി.എച്ച്.എസ്.

## കാരിക്കോട്

# തൂലിക

**ഡിജിറ്റൽ മാഗസിൻ 2020**

**എഡിറ്റോറിയൽ ബോർഡ്**

മാത്യു സാക്സിൻ

അനാമിക മേരി

ജോഅന്ന ലക്ഷ്മണൻ

ജോഹാൻ പാലാമറ്റം

ദേവിക പ്രസാദ്

ശ്ലീബാ ജോൺ

# ഉള്ളടക്കം

അമ്മയുടെ വാത്സല്യം
തൂവൽ
ഒരു ചെറിയ കുട്ടിയുടെ കഥ
അശ്വമേധം
എങ്ങുപോയി?
അമ്മ
സഫലമീയാത്ര
വാത്സല്യം
ആര് ജയിക്കും?
കവിതയോട്
പെറ്റമ്മ



# അമ്മയുടെ വാത്സല്യം

വാത്സല്യത്തിന് പല അർത്ഥങ്ങൾ ഉണ്ട്. അതിൽ ഏറ്റവും പ്രദാന പെട്ടതാണ് അമ്മയുടെ വാത്സല്യം. അമ്മായില്ലങ്കിൽ പിന്നെ നാം ഓരോരുത്തരും വട്ടപ്പൂജ്യമാണ്. അമ്മയുടെ വാത്സല്യം ലഭിക്കാത അനവധി കുട്ടികൾ ഈ സമൂഹത്തിൽ ഉണ്ട്. അവർ അമ്മയുടെ വാത്സല്യത്തിനായി കൊതിക്കുന്നു? നമ്മുടെ അമ്മമാർ നമ്മുടെ കുട്ടുകാരെപ്പോലെയാണ്. നമ്മുടെ കാര്യങ്ങൾ പറയുവാനും കുസൃതികൾ കാണിക്കുമ്പോൾ അമ്മക്ക് നമ്മോടുള്ള സ്നേഹം കുടും നാം ജനിക്കുമ്പോൾ ആദ്യം കാണുന്നത് അമ്മയുടെ മുഖമാണ് ആദ്യം ഉച്ചരിക്കുന്നത് 'അമ്മ എന്ന രണ്ടക്ഷരമാണ്. അമ്മയുടെ വാത്സല്യത്തെക്കുറിച്ച് വള്ളത്തോളിന്റെ 'അമ്മ എന്ന കവിതയിൽ നമ്മുക്ക് മനസിലാകുന്നു .'അമ്മ നമുക്ക് വേണ്ടി വളരെ അധികം അദ്ധ്വാനിക്കുന്നു.അമ്മക്ക് നമ്മോടുള്ള സ്നേഹവും വാത്സല്യവും അവർ പുറത്തു കാണിക്കുന്നില്ല അമ്മമാർ നമുക്കു വേണ്ടി ഒരുപാട് സഹനങ്ങൾ സഹിക്കുന്നു.

പക്ഷെ നമ്മൾ അത് അറിയുന്നില്ല? അങ്ങനെ പല മക്കളും 'അമ്മമാരിയിൽ നിന്ന് അകന്നു പോകുന്നു? മാതാപിതാക്കൾക്കു നമ്മളിൽ ഒരുപാട് വിശ്വാസമുണ്ട്. ഒരുപാട് അഗ്രഹം ഉണ്ട്. അമ്മയുടെ വാത്സല്യം എന്നത് അമ്മയുടെ സ്നേഹമാണ്.

**ജോഅന്ന ലക്ഷ്മണൻ**

# തൂവൽ

വാത്സല്യം പല രൂപങ്ങളിൽ നമ്മുക്ക് മുന്നിൽ എത്താറുണ്ട്. എന്നാൽ അതിൽ മധുരവും ചവർപ്പും നിറഞ്ഞതാണ് മാതാപിതാക്കളുടെ വാത്സല്യം. അന്ന് ആദ്യമായി വാത്സല്യമെന്തെന്നും അത് എവിടെ നിന്നും ലഭിക്കുന്നുവെന്നും ചിമ്മുവിന് മനസിലായത്. ആ അനാഥമന്ദിരത്തിൽ അവളെ കാണാൻ എത്തിയ മാതാപിതാക്കളിൽ നിന്നുമായിരുന്നു .

ചിന്നൂര് സുന്ദരിയായ പെൺകുട്ടിയായിരുന്നു അവളെ ആരോ അനാഥ മന്ദിരത്തിലുപേക്ഷിച്ചിട്ട് പോയതാണ്. അവിടെ നിന്നാണ് അവൾ വളർന്നത് .അവൾക് ഇപ്പോൾ പത്തുവയസ് .അവൾ അമൃത എന്ന അനാഥമന്ദിരത്തിലാണ് താമസം. അവിടെ കുട്ടികൾക്ക് വേണ്ടി മാത്രമായി ചില ജോലികൾ ചെയ്യിക്കുന്നു. അവൾ ചെറിയ ഒരു തെറ്റ് കാണിച്ചാൽപോലും അവിടെ ഉള്ള അധികുതർ അവള വളരെ അധികം ഉപദവിച്ചിരുന്നു .

അങ്ങനെ ഇരിക്കെ ആണ് അമേരിക്കയിൽ ഉള്ള ലൂസി മേഡവും അവരുടെ ഭർത്താവ് ജോർജും അനാഥ മന്ദിരത്തിൽ എത്തുന്നത്. അവർക്കു കുട്ടികളില്ല. അവർ അനാഥമന്ദിരങ്ങളിൽ കയറിഇറങ്ങി ഒരു കുട്ടിയെ സ്വന്തം മകളെ പോലെ വളർത്താൻ തീരുമാനിച്ചു. അവർ കുറെ നാളുകൾക്കുശേഷം അമൃത എന്ന അനാഥ മന്ദിരത്തിൽ എത്തി. ലുസിക്കും തന്റെ ഭർത്താവ് ജോർജിനും ചിന്നു എന്ന മോളെ ഇഷ്ടമായി. അവർ അവളെ അനാഥ മന്ദിരത്തിൽ നിന്നും സ്വന്തം മകളായി വളർത്താൻ നാട്ടിലേക്കു കൊണ്ടുപോയി. അവളവരെ അച്ഛാ... അമ്മേ... എന്നും വിളിച്ചു തുടങ്ങി. അവരുടെ സ്നേഹത്തിലും വാത്സല്യത്തിലും ചിന്നു പഴയ കാര്യങ്ങൾ മറന്നു തുടങ്ങുന്നു. അവൾ അപ്പോഴാണ് സ്നേഹം, വാത്സല്യം എന്താണെന്നു മനസിലാക്കിത്തുടങ്ങിയത്. അവൾ അങ്ങനെ വാത്സല്യത്തിൽ വളരട്ടെ.

**ജോഹാൻ പാലാമറ്റം**

# ഒരു ചെറിയ കുട്ടിയുടെ കഥ

ഇവൻ ഇന്ന് ഒരു ചെറിയ കുട്ടിയാണ്. അവൻ എന്ത് കാര്യം ചെയ്താലും അവനു സന്തോഷം മാത്രമേ ഉള്ളു. അവൻ ഒരു ദിവസം അവനു സന്തോഷിക്കാൻ കിട്ടുന്ന കാര്യങ്ങൾ ഓർത്തപോൾ ഒരു സന്ദർഭം അവന്റെ മനസ്സിൽ വന്നു. അപ്പോൾ അതവനു ആ കാര്യം അമ്മയെ അറിയിക്കണം എന്ന് അവന്റെ മനസ്സിൽ തെളിഞ്ഞു. അപ്പോൾ തന്നെ അമ്മയുടെ അരികിൽ ചെന്ന് നിന്നു. അവൻ അവന്റെ മനസ്സിൽ തെളിഞ്ഞ കാര്യം അമ്മയോട് പറഞ്ഞു. ആ കാര്യം എന്തെന്നാൽ അവൻ വലുതായിക്കഴിഞ്ഞു ,ഒരു വിദ്യാലയത്തിൽ ചെന്ന് ഒരു അധ്യാപകൻ ആകാൻ താൽപ്പര്യം തോന്നി. അതുകൊണ്ടു അവൻ ഒന്നാം ക്ലാസ്സിൽ ചേർക്കപ്പെട്ടു. അതിനെത്തുടർന്ന് അവൻ പഠനത്തിൽ തന്നെ ശ്രദ്ധ തിരിക്കപ്പെട്ടു. അവനു അതുകൊണ്ടു പരീക്ഷയിൽ എല്ലാ വിഷയത്തിലും ജയിച്ചു. അതുകൊണ്ടു അവനു അവന്റെ 'അമ്മ സമ്മാനം വാങ്ങിക്കൊടുത്തു. അതുകൊണ്ടു സന്തോഷം പങ്കുവച്ചു. അത് കഴിഞ്ഞു. വർഷങ്ങൾ പിന്നിട്ടു അവനു പ്രായപൂർത്തിയായി. അവന്റെ പലകാര്യകളും അവൻ താനെ ചെയ്തു തുടങ്ങി. അതൊക്കെ പിന്നിട്ടു നാളുകൾ കഴിഞ്ഞു .ഒരു ദിവസം ഒരു പോസ്റ്റ്മെൻ വന്നു ഒരു അപ്പോയ്മെന്റ് കൊടുത്തു.

അത് അവൻ അത് മേടിച്ചു. തുറന്നു വായിച്ചു സന്തോഷം വന്നു. അത് എന്തെന്നാൽ അവനു വിദ്യാലയത്തിൽ ജോലി കിട്ടി . ആ സന്തോഷം അവൻ അമ്മയോട് പറഞ്ഞു .അവൻ ചെറുപ്പത്തിൽ ആഗ്രഹിച്ച കാര്യം ചെയ്തപ്പോൾ അവനു അധികം സന്തോഷമായി.

അവൻ അവിടെ ജോലിക്കു കയറി ഒരു മാസം കഴിഞ്ഞപ്പോൾ അവനു ഒരു ചെറിയ കല്യാണാലോചന വന്നു. അത് അവന്റെ വഴിത്തിരിവായിരുന്നു. അവന്റെ കല്യാണാലോചന നല്ല ആളുകളുടെ ആയിരുന്നു. അതുകൊണ്ട് അവൻ സമാധാനിച്ചു. അവന്റെ കല്യാണവും കഴിഞ്ഞു .ഒരു രണ്ടു മാസങ്ങൾ കഴിഞ്ഞു. പെണ്ണിന് ഒരു ലെറ്റർ വന്നു. അത് വളരെ സന്തോഷം തോന്നുന്ന ലെറ്ററായിരുന്നു. അതവൻ ജോലിചെയ്യുന്ന വിദ്യാലയത്തിൽ തന്നെയായിരുന്നു. അധ്യാപകയായി ജോലികിട്ടി. പിന്നെ നാളുകൾ കഴിഞ്ഞു കഴിഞ്ഞു പോയി.

**അനാമിക**

എന്റെ പ്രിയ കവിത

**ദേവിക പ്രസാദ്**

# അശ്വമേധം

ആരൊരാളെൻ കുതിരയെകെട്ടുവാൻ
ആരൊരാളത്തിന് മാർഗം മുടക്കുവാൻ ?
ദിഗ്വിജയത്തിനെൻ സർഗ്ഗശക്തിയാ -
മീകുതിരയെ വിട്ടയക്കുന്നു ഞാൻ !
വിശ്വസംസ്കാരവേദിയിൽ പുത്തനാ -
മശ്വമേധം നടത്തുകയാണ് ഞാൻ !
നിങ്ങൾ കണ്ടോ ശിരസ്സുയർത്തിപ്പായു -
മെൻകുതിരയെ ,ച്ചെമ്പങ്കുതിരയെ ?

എന്തൊരുന്മേഷമാണതിൻ കൺകളിൽ
എന്തൊരുത്സാഹമാണതിൻ കാൽകളിൽ!
കോടികോടി പുരുഷാന്തരങ്ങളിൽ -
ക്കൂടി നേടിയതാണതിൻ ശക്തികൾ
വെട്ടി വെട്ടി പ്രകൃതിയെ മല്ലിട്ടു
വെറ്റി നേടിയതാണതിൻ സിദ്ധികൾ !
മന്ത്രമായോരപിഞ്ഛികാചാലനാ -
തന്ത്രമല്ലതിൻ സംസ്കാരമണ്ഡലം !
കോടികോടി ശതാബ്ദങ്ങൾ മുമ്പൊരു
കാടിനുള്ളിൽവച്ചെൻ പ്രപിതാമഹർ
കണ്ടതാണീക്കുതിരയെ ;ക്കാട്ടുപുൽ-
ത്തണ്ടുനൽകി വളർത്തി മുത്തശ്ശിമാർ ;
കാട്ടുചോലകൾ പാടിയ പാട്ടുക -
ളേറ്റുപാടിപഠിപ്പിച്ച മുത്തശ്ശിമാർ !
ഇന്നലത്തേചരിത്രം മയങ്ങുന്ന
മണ്ണിലൂടെ കുതിച്ചുപാഞ്ഞിടവേ
എത്രയെത്ര ശവകുടീരങ്ങളിൽ
നൃത്തമാടിയതാണാക്കുളമ്പുകൾ !
ദ്രപ്തരാഷ്ട്രപ്രതാപങ്ങൾതൻ കോട്ട -
കൊത്തളങ്ങളെപിന്നിടും യാത്രയിൽ ,

എത്ര കൊറ്റക്കുടകൾ ,യുഗങ്ങളിൽ
കുത്തിനിർത്തിയ മുത്തണിക്കൂണുകൾ,
അക്കുളമ്പടിയേറ്റുവീണുപോയ് ;
അത്രയേറബ്ഭരണകൂടങ്ങളും !
കുഞ്ചിരോമങ്ങൾ തുള്ളിച്ചു തുള്ളിച്ചു
സഞ്ചരിച്ചൊരിച്ചെമ്പങ്കുതിരയെ ,
പണ്ട് ദൈവം കടിഞ്ഞാണുമായി വന്നു
കൊണ്ടുപോയി സവാരിക്കിറങ്ങുവാൻ
പിന്നെ രാജകീയോന്മത്തസേനകൾ
വന്നു നിന്ന് പടപ്പാളങ്ങളിൽ !
ആഗമതത്വവേദികളിൽ വന്നുപോൽ

യോഗദണ്ഡിലിതിനെ തളയ്ക്കുവാൻ
എന്റെ പൂർവികരശ്വഹൃദയഞ്ജബ
രെന്റെ പൂർവികർ വിശ്വവിജയികൾ
അങ്കമാടിക്കുതിരയെ വീണ്ടെടു ബ
ത്തണഞ്ഞു യുഗങ്ങൾതൻ ഗായകർ!
മണ്ണിൽനിന്നു പിറന്നവർ മണ്ണിനെബ
പ്പൊന്നണിയിച്ച സംസ്കരശില്പികൾ!
നേടിയതാണവരോടു ഞാബ നെന്നിൽ
നാടുണർന്നൊരുനാളിൽക്കുതിരയെ!
ഈ യുഗത്തിന്റെ സാമൂഹ്യശക്തി ഞാൻ
മായുകില്ലെന്റെ ചൈതന്യവീചികൾ!
ഈശ്വരനല്ല മാന്ത്രികനല്ല ഞാൻ
പച്ചമണ്ണിൻ മനുഷ്യത്വമാണു ഞാൻ!
ദിഗ്വിജയത്തിനെന് സർഗ്ഗശക്തിയാബ
മിക്കുതിരയെ വിട്ടയയ്ക്കുന്നു ഞാൻ
ആരൊരാളിക്കുതിരയെക്കെട്ടുവാൻ
ആരൊരാളിതിൻ മാർഗം മുടക്കുവാൻ?

മുളങ്കാട് (വയലാർ രാമവർമ്മ)

എന്റെ പ്രിയ കവിത

ജാനറ്റ് റെബേക്ക

# എങ്ങുപോയി?

ചുണ്ടു വിടർത്തുന്ന പൂവിലെല്ലാം
വണ്ടിന് വേണ്ടും മധു നിറച്ചു
ദന്തങ്ങൾ പൊയ്കവിളൊട്ടിപ്പോയ
കുന്നിനു യൗവ്വനകാന്തി നൽകി
ഓടിനടന്നു കളിച്ചു മന്നിൻ
വാദി പുതുക്കും വെയിൽനാളങ്ങൾ
പൊന്നിൻകാസവുകൾ നെയ്തുതള്ളും
മഞ്ഞമുകിലിളിഞ്ഞുനിന്നു
പച്ചിലകുമ്പിളിൽപൂവറുത്തി-
ട്ടുത്രാടസന്ധ്യ തളർന്നു നിന്നു .
അന്തിവെട്ടത്തോടൊത്തെത്തി ഞാനു -
മന്നത്തെത്തെയോണം നുകർന്ന നാട്ടിൽ
പോരിൻ പഴങ്കഥപാട്ടു പാടി
പേരാറലകൾ കളിക്കും നാട്ടിൽ,

കൈതമലർമ്മണം തേവി നിൽക്കും
തൈത്തെന്നൽ തോഴനായി വാണാനാട്ടിൽ,
അൻപിൻ പൂപ്പുഞ്ചിരിപോറ്റിപ്പോരും
തുമ്പകൾ മാടിവിളിക്കും നാട്ടിൽ ,
പച്ചിലക്കാടിൻ കടവുതാണ്ടി-
പൈങ്കിളിപ്പാട്ടു വിതക്കും നാട്ടിൽ
കാവിൻ നാടകളിലാണ്ടുതോറും
വേലപൂരങ്ങൾ നിരക്കും നാട്ടിൽ
സത്യസംസ്കാരത്തിടമ്പിൻ മുമ്പിൽ
വച്ച കെടാവിളക്കെങ്ങുപോയി ?
നാടിൻമുഖത്തെപരിവേഷങ്ങൾ
ചൂഴുമഴകോളിയെങ്ങുപോയി?



# എന്റെ വിദ്യാലയം

തിങ്കളും താരങ്ങളും തൂവെള്ളികതിർ ചിന്നും
തുംഗമാം വാനിൻചോട്ടിലാണെന്റെ വിദ്യാലയം
ഇന്നലെക്കണ്ണീർ വാർത്തു കരഞ്ഞ കരിവാന -
മിന്നിതാ ചിരിക്കുന്നു പാലൊളി ചിതറുന്നു .
”മുൾച്ചെടിതലപ്പത്തും പുഞ്ചിരിവിരിയാറു ”
ണ്ടച്ചെറുപൂന്തോപ്പിലെപ്പനിനീരുരക്കുന്നു.
മധുവിൻ മത്താൽപാറി മൂളുന്നു മധുപങ്ങൾ :
”മധുരമിജ്ജീവിതം ചെറുതാണെന്നാകിലും .”
പരർതൻ കഷ്ടപ്പാടു  പേറുമക്കല്ലത്താണി
പറവു മഹത്തത്ത്വം :”പരസേവനം കാര്യം ”
ആരെല്ലെൻ ഗുരുനാഥ ,രാരല്ലെൻ  ഗുരുനാഥർ ?
പാരിതിലെല്ലാമെന്നെ പഠിപ്പിക്കുന്നുണ്ടന്തോ !

**മാത്യു സാക്സിൻ**



# അമ്മ

ഒരിടത്തൊരു അമ്മയും മകനും ഉണ്ടായിരുന്നു ആ 'അമ്മ ആ മകനെ അധികം വാത്സല്യത്തോടെയായിരുന്നു വളർത്തിയത് ആ മകൻ പഠിച്ചു വളർന്നു ജോലിക്കായി പോയി അവിടെ ചെന്നപ്പോൾ ആ മകൻ അമ്മയുടെ അടുത്ത് നിന്നു സ്വഭാവത്തിൽ വളരെ അകന്നുപോയി അമ്മക്ക് ഇടയ്ക്കിടെ മാത്രം കത്ത് കിട്ടാറുള്ളു കുറച്ചു നാളുകൾക്കു ശേഷം അതും നിന്നു അവിടുത്തെ വിദ്യാഭ്യാസത്തിനുശേഷം മകൻ ഒരു പെൺകുട്ടിയുമായി ആണ്അമ്മക്ക് ഇടയ്ക്കിടെ മാത്രം കത്ത് കിട്ടാറുള്ളു കുറച്ചു നാളുകൾക്കു ശേഷം അതും നിന്നു അവിടുത്തെ വിദ്യാഭ്യാസത്തിനു ശേഷം മകൻ ഒരു പെൺകുട്ടിയുമായി ആണ് പിന്നീട് കാണുന്നത് എന്നാലും ആ 'അമ്മ അവരെ നല്ലവണ്ണം സ്നേഹിക്കുകയും സംരക്ഷിക്കുകയും ചെയ്തു.

പക്ഷെ അവർ ആ അമ്മയെ വൃദ്ധസദനത്തിൽ ആക്കുകയും ചെയ്തു അതിൽ ആ അമ്മയ്ക്ക് വളരെ ഏറെ സങ്കടം ഉണ്ടായിരുന്നു മാതാപിതാക്കളുടെ വാത്സല്യത്തിന് വേണ്ടി കൊതിക്കുന്ന എത്രയോ പേർ നമ്മുടെ ഭൂമിയിൽ ഉണ്ട് എന്നാൽ അത് ലഭിച്ചിട്ടും അവരോട് കരുണ കാണിച്ചില്ലെങ്കിൽ നമ്മൾ ചെയുന്നത് വളരെ വലിയ പാപമാണ്.അതിനാൽ നാം അവരുടെ വാത്സല്യം പ്രയോജനപെടുത്തണം.

**ശ്ലീബാ ജോൺ**

എന്റെ പ്രിയ കവിത

റിയ ഷാജി


# സഫലമീയാത്ര

ആദ്രമീ ധനുമാസ രാവുകളിലൊന്നിൽ
ആതിര വരും പോകുമല്ലേ സഖി,ഞാനീ
ജനലഴി പിടിച്ചൊട്ടു നിൽക്കട്ടെ ;നീയെൻ-
അണിയത്തുതന്നെ നില്ക്കു, ഇപ്പഴക്കൂടൊരു
ചുമക്കടി ഇടറി വീഴാം.
വ്രണിതമാം കണ്ഠത്തിലിന്നു നോവിത്തിരി-
കുറവുണ്ട് ,വളരെനാൾ കുടി
നേരിയ നിലാവിന്റെ പിന്നിലെയാനന്തതയി-
ലലിയുമിരുൾ നീലിമയിൽ,
എന്നോ പഴകിയൊരോർമകൾ മാതിരി,
നിന്നുവിറക്കുമീയേകാന്തതാരങ്ങളെ
ഞാനൊട്ടു കാണട്ടെ, നീ തൊട്ടുനില്ക്കു.
ഓരോ നിറംകൊണ്ടു നേരമളന്നും
ഓരോ രവംകൊണ്ടു രൂപമറിഞ്ഞും
ഓരോ മരുന്നുകളിലന്ധിളിഴഞ്ഞും
ഒരു കരസ്പർശത്തി,ലൊരു നേർത്ത തേങ്ങലി-
ലിരവിൻ വ്രണങ്ങളിൽ കുളിരു ചുറഞ്ഞും
കുഴയുമി നാളുകളി ,ലൊച്ചയുണ്ടാക്കാതെ
യാതിരവരുന്നുവെന്നോ,സഖി?
ആതിരവരുന്നേരമൊരുമിച്ചുകൈകൾകോർ-
ത്തെതിരേൽക്കണം നമുക്കിക്കുറി ;വരുംകൊല്ല-
മാരെന്നു,മെന്തെന്നു,മാർക്കറിയാം!
എന്തു ,നിന്മിഴിയിണ തുളുമ്പിയെന്നോ, സഖി,
ചന്തം നിറയ്ക്കുകി ശിഷ്ടദിനങ്ങളിൽ
മിഴിനീർച്ചാവർപ്പുപെടാതീ മധുപാത്ര-
മടിയോളം മോന്തുക ;നേർത്ത നിലാവിന്റെ-
യടിയിൽ തെളിയുമിരുൾ നോക്കു-
കിരുളിന്റെയറകളിലെയോർമകളെടുക്കുക
ആർദ്രമീ ധനുമാസ രാവുകളിലൊന്നിൽ.

# വാത്സല്യം

വാത്സല്യം എന്നത് വളരെ അമൂല്യമായ ഒരു വികാരമാണ് ഒരു അമ്മക്ക് തന്റെ മക്കളോട് തോന്നുന്നത് വാത്സല്യമാണ് ഒരു അച്ഛനും മക്കളോട് തോന്നുന്നതും അത് തന്നെയാണ് പണ്ടൊരിടത്തു ഒരു അമ്മുമ്മയും അവർക്ക് ഒരു ചെറുമകനും ഉണ്ടായിരുന്നു അവരുടെ വീട്ടിൽ വളരെ ദരിദ്രമായിരുന്നു ഒരു ദിവസം തന്നെ വളരെ കഷ്ടപ്പെട്ടാണ് അവർ കടന്നുപോകുന്നത് അമ്മുമ്മ ഒരു വീട്ടിൽ നിന്ന് പണിയെടുത്തു കിട്ടുന്ന പണം കൊണ്ടാണ് തന്റെ ചെരുമകനെവളർത്തുന്നത് അങ്ങനെ വർഷങ്ങൾ കടന്നു പോയി ചെറുമകൻ വളർന്നു വലുതായി അമ്മുമ്മക്ക് വയ്യാതായി പ്രായത്തിന്റേതായ പല ശാരീരിക പ്രശ്നങ്ങളും മുത്തശ്ശിക്കുണ്ടായിരുന്നു അങ്ങനെ ഒരു ദിവസം ആ മുത്തശ്ശി തന്റെ ചെറുമകനെ വിട്ടു പോയി ആ ചെറുമകൻ ഒറ്റപ്പെടലിന്റെ വേദന അനുഭവിക്കാൻ തുടങ്ങി അമ്മുമ്മയുടെ വാത്സല്യത്തിന്റെ വില വളരെ കൃത്യമായി ആ സമയത് അവന് മനസിലാക്കാൻ സാദിക്കുന്നുണ്ടായിരുന്നു അമ്മുമ്മ തന്റെ ചെറുപ്പ കാലത്തു എത്ര കഷ്ടപ്പെട്ടാണ് തന്നെ നോക്കിയത് അതിന്റെ ഒരംശം പോലും തനിക്കു തിരിച്ചു നല്കാൻ സാദിച്ചില്ലല്ലോ എന്നോർത്ത് സഹതപിക്കുന്ന ഒരു ചെറുമകനെ യാണ് പിന്നീടുള്ള ജീവിതത്തിൽ അയാൾ നയിക്കുന്നത്

**ജോഅന്ന ലക്ഷമണൻ**



# ആര് ജയിക്കും?

ഇട്ടുണ്ണിയും കുട്ടുണ്ണിയും കൂട്ടുകാരായിരുന്നു  ഒരു ദിവസം അവർ രണ്ടു പേരും നടക്കുവാനിറങ്ങി അപ്പോൾ അവിടെ ഒരിടത്തു കണ്ണുകാണാൻ വയ്യാത്ത രണ്ടു പേര് തമ്മിൽ വഴക്കുണ്ടാക്കുന്നതു കണ്ടു പലരോടന്വേഷിച്ചിട്ടും കാരണം എന്താണ് എന്ന് ആർക്കുമറിയില്ല അവരുടെ വഴക്കിതു വരെയായിട്ടും ആർക്കും നിർത്തുവാൻ കഴിഞ്ഞില്ല അപ്പോൾ കിട്ടുണ്ണിക്കൊരു ബുദ്ധിയുദിച്ചു അവന് ഇട്ടുണ്ണിയോട് ആ ഉപായം പറഞ്ഞു കൊടുത്തു അതിനു ശേഷം കിട്ടുണ്ണി വഴക്കുണ്ടാക്കുന്നവർ കേൾക്കെ ഉച്ചത്തിൽ, താൻ അവരിൽ ആരുടെ പക്ഷത്താണെന്നു ഇട്ടുണ്ണിയോട് ചോദിച്ചു അപ്പോൾ കിട്ടുണ്ണി കുട്ടുണ്ണിയോട് താൻ കൈയിൽ കത്തിയിരിക്കുന്നവന്റെ പക്ഷത്താണെന്നു പറഞ്ഞു അപ്പോൾ വഴക്കുണ്ടാക്കുന്നവർ ആരുടെ കൈയിലാണ് കത്തി എന്നറിയാതെ പരിഭ്രമിച്ചു നിന്നു അതിനാൽത്തന്നെ അവർ രണ്ടുപേരും അവിടെനിന്ന് വഴക്കുനിർത്തി ഓടിപോയി അത് കണ്ടപ്പോൾ കിട്ടുണ്ണിയെയും ഇട്ടുണ്ണിയേയും അവരുടെ സാമർത്ഥ്യത്തിനു നാട്ടുകാർ അഭിനന്ദിച്ചു.  ഇത് കേട്ടപ്പോൾ അവർ രണ്ടുപേരും അവിടെ നിന്നു സന്തോഷത്തോടെ മടങ്ങിപ്പോയി.

**ജോസുകുട്ടി ജിമ്മി**

# കവിതയോട്.....

എന്തിനു താമസിപ്പാദംബികേ ,നിന്നുണ്ണിയാ -
മെൻ മുന്നിലണയുവാ ?നെങ്ങു നീ മറഞ്ഞിതോ ?
എത്രനാളമ്മെ ,നിന്നെതിരഞ്ഞുംകൊണ്ടീവിധം
ഹൃത്തടം കരിഞ്ഞു ഞാൻ കേണുകേണലയേണ്ടു?

പൂർവാശയാറ്റുനോറ്റു  സമ്പാദിച്ചൊരു തങ്ക -
പ്പൂങ്കുമാരനെയങ്ങു  പൊൽച്ചാറിൽ മുക്കി മുക്കി
നീരാട്ടി മടിത്തട്ടിൽക്കിടത്തിത്താലോലിക്കും -
നേരത്തു നിന്നെത്തേടിയങ്ങു ഞാൻ നടക്കവേ

ആ മണിമുറ്റത്തു നിൻ സ്മിതത്തുവൊളിയെന്യേ
യാതൊന്നും കണ്ടീടാതെ മടങ്ങീ നിരാശനായ്
പശ്ചിമതാടാകത്തിലിറങ്ങി  സ്നാനം ചെയ്തു
പൊൽച്ചെമ്പട്ടുടുതർക്കദീപവും കൈയിലേന്തി

**നിതാമോൾ കെ.റ്റി.**

# പെറ്റമ്മ

ഒരിടത്തൊരു കുടുംബം ഉണ്ടായിരുന്നു. വളരെ സന്തോഷകരമായ ജീവിതമായിരുന്നു അവരുടേത്.എന്നാൽ പെട്ടന്നാണ് അവരുടെ ജീവിതത്തിൽ ഒരാളും കൂടി വന്നത്.അവരുടെ മകൻ കല്ല്യാണം കഴിച്ചു.അവൾ വന്നതോടെ അവരുടെ അമ്മയുടേയും മകന്റെയും ജീവിതം മാറിമറിഞ്ഞു. അമ്മയുടെ പേര് വാത്സല്യം തുളുമ്പുന്ന പേരായിരുന്നു.ശാരദ.മകന്റെ പേര് രമേഷ്. മരുമകളുടെ പേര് സൗമ്യ. മകന്റെ ജിവിതത്തിലേക്ക് ഭാര്യയായ സൗമ്യ എത്തിയതോടെ അമ്മയായ ശാരദയെ നോക്കാതെ ആയി .പയ്യെ പയ്യെ രമേശിന് 'അമ്മ ഒരു ബാധ്യതയായി.

ഭാര്യ സൗമ്യയുടെ നിബന്ധത്തിനു വഴങ്ങി അമ്മയായ ശാരദയെ ഉപേക്ഷിക്കാൻ തീരുമാനിച്ചു .അങ്ങനെ അമ്മയെയും കൊണ്ട് അമ്പലനടയിൽ എത്തി .അപ്പോൾ മകന്റെ മനസ്സിൽ ഓടി വന്നത് ഇതാണ് .പണ്ട് അവനെ എളിയിൽ ചുമന്ന് 'അമ്മ അമ്പലത്തിൽ കൊണ്ടുപോയി , ദൈവത്തെ ചൂണ്ടി കാണിച്ചു, പ്രാർത്ഥിയ്ക്കാൻ ൻ പഠിപ്പിച്ചത്.അതോർത്തപ്പോൾ അവന് അമ്മയെ അവിടെ ഉപേക്ഷിക്കാ൭ കഴിഞ്ഞില്ല.അങ്ങനെ അടുത്ത സ്ഥലം നോക്കി സ്ക്കൂൾ,ആശുപത്രി എന്നിങ്ങനെ എല്ലായിടത്തും രമേഷ് അമ്മയേ ഉപേക്ഷിക്കാൻ ശ്രമിച്ചു.എന്നാൽ എവിടെയൊക്കെ അവൻ അമ്മയേയും കൊണ്ട് പോയൊ, അവിടെയെല്ലാം അമ്മ അവനെയും കൊണ്ട് വന്നത് അവന്റെ മനസ്സിൽ ഓർമ്മ വന്നു. തിരിച്ച് രമേഷ് അമ്മയെയും കൊണ്ട് പോയി. എന്നാൽ രമേഷിന്റെ മനസ്സിൽ ഒരു പേടിയുണ്ടായിരുന്നു.സൗമ്യ എന്തു പറയുമെന്ന്. അവൻ വീട്ടിൽ ചെന്നു കാറിന്റെ ഡോർ തുറന്നപ്പോൾ കണ്ടത് അമ്മയ്ക്ക് ബോധമില്ലാത്ത അവസ്ഥയിൽ,

ഇതിൽ നിന്നും എന്ത് മനസ്സിലായി, ഒരമ്മയുടെ സ്നേഹം ഒരിക്കലും തള്ളി പറയരുത് കാരണം ബാല്യം മുതൽ നമ്മളെ പോറ്റിവളർത്തിയത് അവരാണ് .അവരുടെ അനുഗ്രഹവും സ്നേഹവും എന്നും നമ്മുടെ ജീവിതത്തിൽ ഉണ്ടെങ്കിലേ നമ്മുടെ ജീവിതം ധന്യമാവുകയുള്ളു.

**ജോഹാൻ പാലാമറ്റം**